(ബി) ക്രൈം 218/75, 335/75, 397/75 എന്നീ മൂന്നു കേസ്സുകളിലായി ഫോർട്ട് പോലീസ് 58 പേരെ അറസ്റ്റു ചെയ്തിരുന്നു. അതിൽ ക്രൈം 218/75-ൽ നിന്നും 10 പേരെയും ക്രൈം 335/75 ൽ നിന്നും 19 പേരെയും ജയിൽ ശിക്ഷയ്ക്കു വിധിച്ചു.

(സി) 9 പേരെ വീണ്ടും ഡി. ഐ. ആർ. അനുസരിച്ച് അറസ്റ്റു ചെയ്തു (ഫോർട്ടു പോലീസ് സ്റ്റേഷൻ ക്രൈം 397/75).

(ഡി) മേൽപ്പറഞ്ഞ 9 പേരും മറ്റു ചിലരും ചേർന്ന് സമാധാന ലംഘനമുണ്ടാക്കുകയും ഗവൺമെൻറിനെ അധിക്ഷേപിക്കുകയും അന്തഃഛിദ്രത്തിനും കലാപത്തിനും പ്രേരണ നൽകുകയും ചെയ്തതാണ് കാരണം.

(ഇ) ഡി. ഐ. ആർ. ലെ 36(6) (ഇ) (ജി) (എച്ച്) (സി) റൂം 43 (5) 1975.

(എഫ്) മേൽപ്പറഞ്ഞ 9 പേരുൾപ്പെടെ ആകെ അറസ്റ്റു ചെയ്ത 38 പേരെയും കോടതി വെറുതെ വിട്ടു. വിചാരണ വേളയിൽ 38 പേരും ജാമ്യത്തിലായിരുന്നു.

(ജി) അറസ്റ്റു ചെയ്യപ്പെട്ട തൊഴിലാളികൾ തിരികെ ജോലിക്കു വന്നപ്പോൾ ചാലയിലെ ചുമട്ടുതൊഴിലാളികളിൽ ഐ. എൻ. റ്റി. യു.സി. ക്കാരുടെ എണ്ണം കൂടുതലാവുകയും ജയിൽ വിമോചിതരായ കുറേപ്പേർ കേസ് നിലവിലിരുന്ന കാലം ജോലിക്ക്. പോകാതിരിക്കുകയും ചെയ്തു. തുടർന്ന് ഐ. എൻ. റ്റി. യു സി. നേതൃത്വത്തിലുള്ളവർ തുടർച്ചയായി ജോലി ചെയ്തിരുന്നതുകൊണ്ടു ജയിലിൽനിന്നും മടങ്ങി വന്നവർക്കു ചില സ്ഥലങ്ങളിൽ ജോലി കിട്ടാതെയായി.

(എച്ച്) ഒരു ഒത്തുതീർപ്പു വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 14.2.1979 മുതൽ വീണ്ടും ജോലി ചെയ്യാൻ തുടങ്ങി.

വെള്ളത്തൂവൽ വില്ലേജ്മാൻ ഗോപിയെ കൊലപ്പെടുത്തിയത് സംബന്ധിച്ച കേസ്

647 [938] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തൂവൽ വില്ലേജ്മാൻ ഗോപിയെ കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്ത്;

(ബി) പ്രതികൾ ആരൊക്കെയാണ്;

(സി) ഇവരിൽ എല്ലാപേരെയും അറസ്റ്റുചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) കേസ്സന്വേഷണച്ചുമതല ആർക്കാണ്?

ഉത്തരം

(എ) ഈ കേസ് ഇപ്പോൾ അന്വേഷണത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുവരെ അറിവായിട്ടില്ല.

(സി) ആരേയും അറസ്റ്റു ചെയ്തിട്ടില്ല.

(ഡി) കേസ്സന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) എറണാകുളം ക്രൈംബ്രാഞ്ച് ഡി. വൈ. എസ്. പി. യെയാണ് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്.

കട്ടപ്പന പോലീസ് ലോക്കപ്പിൽവച്ചുണ്ടായ മരണം

648 [940] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പനയ്ക്കടുത്ത വെള്ളയടംകുടി എന്ന സ്ഥലത്തെ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അനുഭാവിയായ ചിട്ടനെന്നു വിളിക്കപ്പെടുന്ന ഔസേപ്പച്ചൻ കട്ടപ്പന പോലീസ് ലോക്കപ്പിൽവെച്ച് 1978 നവംബർ 18 ന് മർദ്ദനമേറ്റു മരണമടഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഡി) അന്വേഷണവിവരം എന്ത്;

(ഇ) ഇതുമായി ബന്ധപ്പെടുന്ന ആരുടെയെങ്കിലും പേരിൽ നടപടി എടുത്തിട്ടുണ്ടോ;

(എഫ്) എങ്കിൽ ആരുടെ പേരിൽ എന്തു നടപടി?

ഉത്തരം

(എ) 18.11.1978 ന് കട്ടപ്പന ഗവൺമെൻറ് ആശുപത്രിയിൽ വച്ചാണ് ചിട്ടൻ മരണമടഞ്ഞത്. അന്വേഷണത്തിൽ പോലീസ് മർദ്ദന മൂലമല്ല അയാൾ മരിച്ചതെന്ന് തെളിഞ്ഞിട്ടുണ്ട്.

(ബി, സി) പ്രസ്തുത സംഭവത്തെക്കുറിച്ച് നെടുംകണ്ടം സർക്കിൾ ഇൻസ്പെക്ടറും പിന്നീട് ഇടുക്കി ക്രൈം ഡിറ്റാച്ച്മെൻറ് ഡി. വൈ. എസ്. പി. യും അന്വേഷണം നടത്തി.

(ഡി) 18.11.1978 ഉച്ച കഴിഞ്ഞ് 2.45 ന് കട്ടപ്പന ബസാറിൽ ചിട്ടൻ എന്നു വിളിക്കപ്പെടുന്ന ജോസഫ് (കോടാലൂർ കൽക്കുന്നൽ വില്ലേജ് കോട്ടാതി പടവ്) എന്നയാൾ മദ്യപിച്ച് ബഹളമുണ്ടാക്കുന്നതായികണ്ട ഒരു പോലീസുകാരൻ ടിയാനെ കട്ടപ്പന പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുവന്നു. ദേഹപരിശോധനനടത്തിയതിൽ 'കഫിക്സ് പോസ്' എന്നു പേരുള്ള 8 ഗുളിക അടങ്ങിയ ഒരു ട്യൂബ് അയാളുടെകൈവശം

LIBRARY ARCHIVES Kerala Legislative Assembly